# മകളുടെ മകൾ

സി. ജെ. തോമസ്



മകളുടെ മകൾ
സി. ജെ. തോമസ്
(മലയാളം: ലേഖനം)

© 2021, C. J. Thomas

The electronic versions have been created by making use of the production infrastructure of River Valley Technologies.

The electronic versions were generated from sources marked up in LaTeX in a computer running GNU/LINUX operating system. PDF was typeset using XeTeX from TeXLive 2020 and the cloud framework, Ithal (ഇതൾ). The base font used was traditional script of Rachana, contributed by KH Hussain, et al. and maintained by Rachana Institute of Typography. The font used for Latin script was Linux Libertine developed by Philipp H. Poll.

The electronic versions are released under the provisions of Creative Commons Attribution Non-commercial ShareAlike license for free download and usage.

Cover: Marie Camargo, a painting by Nicolas Lancret (1690–1743). The image is taken from Wikimedia Commons and is gratefully acknowledged.

**Sayahna Foundation**
JWRA 34, Jagathy, Trivandrum, India 695014
URL: www.sayahna.org

# മകളുടെ മകൾ

തകഴിയുടെ കഥകൾക്കെല്ലാമുള്ളതാണ് ആ സ്വഭാവം—ബൃഹദ്ഗ്രന്ഥത്തിലടങ്ങേണ്ട കാര്യങ്ങളെല്ലാംകൂടി വാറ്റിയെടുത്തു ഗുളികപ്രായമാക്കി മധുരവും ചേർത്ത് ചെറുകഥയാക്കി വിളമ്പുകയെന്നതു്. ഈ സമാഹാരത്തിലെ ഒമ്പതു കഥകളെക്കുറിച്ചും ഈ പ്രസ്താവന അന്വർത്ഥമാണ്. എല്ലാറ്റിനേയും സ്പർശിച്ച് ഒരു നിരൂപണമെഴുതിയാൽ അതു വലിപ്പംകൊണ്ട് എ. ബാലകൃഷ്ണപ്പിള്ളയുടെ അവതാരികകളെയും ലജ്ജിപ്പിക്കും. പ്രായോഗികമായിട്ടുള്ളത് ഒന്നോ രണ്ടോ കഥകളെടുത്ത് അവയിലെ പ്രതിപാദ്യവിഷയത്തെ പരിശോധിക്കുക എന്നതുമാത്രമാണ്.

ഇതിലെ 'തങ്കമ്മ' എന്ന കഥ വായിച്ചു നോക്കുമ്പോൾ വായനക്കാരൻ പുസ്തകത്തിന്റെ ആദ്യത്തെ പുറം ഒന്നു മറിച്ചുനോക്കിപ്പോകും. ഗ്രന്ഥകാരന്റെ പേരിനെ സംബന്ധിച്ച വല്ല അച്ചടിപ്പിഴകളും വന്നിട്ടുണ്ടോ എന്ന സംശയമാണതിനു കാരണം. പക്ഷേ, തെറ്റൊന്നുമില്ല. പുസ്തകം പൊൻകുന്നം വർക്കിയുടേതല്ല, തകഴിയുടേതു തന്നെയാണ്. കന്യകാമാത്തിന്റെ കരിങ്കൽഭിത്തിക്കുള്ളിൽ ഞരങ്ങിയും ഇഴഞ്ഞും കഴിയുന്ന സചേതനപ്രേതങ്ങളുടെ ദുരന്തം വർക്കിക്കു മാത്രം മനസ്സിലാക്കാവുന്ന ഒരു പരമാർത്ഥം. സ്ത്രീത്വത്തിന്റെ മഹിമ അമ്മ പെറ്റമക്കൾക്കെല്ലാം അറിവുള്ളതാണല്ലോ. മാതൃത്വം നിരോധിക്കപ്പെട്ട സ്ത്രീജന്മത്തിന്റെ അഭിശപ്തത കണ്ണുള്ളവനു കാണാനും പ്രയാസമില്ല. കൃത്രിമവും പ്രകൃതിവിരുദ്ധവുമായ ഒരു ജീവിതരീതി തെറ്റിദ്ധാരണകളുടെ സഹകരണത്തോടുകൂടി മതം മനുഷ്യന്റെമേൽ കെട്ടിവെയ്ക്കുമ്പോൾ വ്യക്തിക്കുണ്ടാകുന്ന അധഃപതനവും വർക്കിക്കെന്നപോലെ തകഴിക്കും മനസ്സിലാകുന്ന ഒന്നാണ്. സ്വതസ്സിദ്ധമായ കലാചാതുരിയോടെ തകഴി അതു പ്രകടിപ്പിച്ചിരിക്കുന്നു എന്നുമാത്രം.

തങ്കമ്മ ഒരനിയത്തിയാണ്. ചേട്ടത്തിയുടെ വിവാഹജീവിതത്തിലെ കഷ്ടതകൾ അവൾ കാണുന്നുണ്ട്. സ്ത്രീത്വത്തിന്റെ സ്പർശമേൽക്കാത്ത ആ കൊച്ചുകുട്ടി വിവാഹത്തെ ഭയപ്പെടുകയും ചെയ്യുന്നു. സാഹചര്യങ്ങൾ അവളുടെ ആശങ്കകളെ ബലപ്പെടുത്തുന്നു. വിവാഹത്തിനുമുമ്പുതന്നെ അതിന്റെ ആനന്ദം അറിയുവാൻ കഴിവില്ലാത്തതുകൊണ്ട് ഈ ചിത്രത്തിന്റെ മറുവശം അവൾ കാണുന്നുമില്ല. വാല്യപോയ കുറുക്കനെ അനുകരിച്ചുകൊണ്ട് ഫ്രാൻസിസ്കാമ്മ ആ പാവം പെണ്ണിനെ കൽത്തുറുങ്കിന്റെ അന്ധകാരത്തിലേക്കു വലിച്ചിഴയ്ക്കുന്നു. അജ്ഞതയുടെയും തെറ്റിദ്ധാരണയുടെയും ഫലമായി അങ്ങനെ തങ്കമ്മ ഒരു തീരുമാനത്തിൽ എത്തിച്ചേരുന്നു—അതാണു വിവാഹം വേണ്ടയെന്നതു്. സ്വന്തം സൗന്ദര്യക്കുറവിനെപ്പറ്റിയുള്ള ബോധവും ഈ തീരുമാനത്തിന് ഉപോൽബലകമാണ്.

പക്ഷേ, പ്രകൃതിക്കൊരു വഴിയുണ്ട്. മനുഷ്യ നിർമ്മിതമായ നീതിയും നിയമവും മതവും മാമൂലും വകവെക്കാതെ അത് അതിന്റെ ജൈത്രയാത്ര തുടരും. വിവാഹത്തെ എതിർക്കാനുള്ള ധൈര്യം സമ്പാദിക്കുന്നതിനുവേണ്ടി പ്രാർത്ഥനയിലേർപ്പെട്ട തങ്കമ്മയ്ക്കു പ്രകൃതി സമ്മാനിക്കുന്നത് അതിനുനേരെ വിരുദ്ധമായ ഒരു ധൈര്യമാണ്. തരളിത ഹൃദയത്തോടെ അവൾ ഉണ്ണിയേശുവിന്റെ പ്രതിമ കാണുന്നു. വികാരം വികാരത്തിനു വഴിതെളിച്ചു. തങ്കമ്മയിൽ സ്ത്രീത്വം ഉണർന്നു. അവൾ കണ്ട രൂപം ഈശ്വരന്റെയോ ചെകുത്താന്റെയോ എന്ന് അവൾ ആലോചിച്ചില്ല. അതൊരു ശിശുവിന്റെ രൂപമായിരുന്നു എന്നതായിരുന്നു അവൾക്കു പ്രധാനം. അവൾ ശിശുവിനെ വാരിയെടുക്കുവാൻ മുന്നോട്ടാഞ്ഞു. മതനിബന്ധനകളുടെ കൊടുമ്പിരിക്കൊണ്ട് തത്ത്വാഭാസങ്ങൾ ഓടിയൊളിച്ചു. മാതൃത്വത്തിന്റെ പാവനസ്വപ്നങ്ങൾ അവളുടെ ഹൃദയത്തിൽ അങ്കുരിച്ചു. ഇതുപോലെയുള്ള ശിശുക്കളെ ലഭിക്കുന്ന സമ്പ്രദായം എത്ര പൂരിതമായിരുന്നാലും കാമ്യമാണ്. വിവാഹം തടുക്കേണ്ടതല്ല. തഴകേണ്ടതാണെന്ന് തങ്കമ്മയ്ക്കു തോന്നി. വർഷങ്ങളും രണ്ടുമൂന്നു കഴിഞ്ഞിരുന്നല്ലോ. ഫ്രാൻസിസ്കാമ്മ ആശിച്ചതിൽനിന്നു ഭിന്നമായ ലക്ഷ്യത്തോടെ അവൾ വീട്ടിലേക്കു തിരിച്ചു.

പല്ലുപൊങ്ങിയ തങ്കമ്മയ്ക്കു ചെറുക്കനുണ്ടായി. അവളുടെ അപ്പന്റെ പണത്തിന് ആ കുറവിനെ മറയ്ക്കുത്തക്ക ഉയരമുണ്ടായിരുന്നു. പക്ഷേ, പിന്നെയും വിധി ഒന്നിടപെട്ടു. ഭർത്താക്കന്മാരുടെ സംശയദൃഷ്ടി എന്ന അത്ഭുതം തങ്കമ്മയെ അലട്ടി. പെണ്ണിനെ പിടിച്ചില്ല എന്ന കിംവദന്തി അവളെ നിരാശപ്പെടുത്തി. ഫ്രാൻസിസ്കാമ്മയുടെ മൂത്തുനരച്ച വിദ്വേഷം തന്നെ ജയിച്ചു. ജീവിക്കാനും മരിക്കാനും ഒരുപോലെ അസാദ്ധ്യമായ ആ കല്ലറയിലേക്കു തങ്കമ്മ ഇഴഞ്ഞുകയറി. അതോടുകൂടി ഈശ്വരൻ സ്ത്രീയെ സൃഷ്ടിച്ചതിന്റെ പരമോദ്ദേശ്യവും അവൾ കൈവെടിഞ്ഞു. അവളുടെ പ്രവൃത്തി തന്നെ സൗന്ദര്യമില്ലാത്തവളായി സൃഷ്ടിച്ച ദൈവത്തോടുള്ള പ്രതികാരമാണോ, ഈശ്വരാരാധനയ്ക്കുള്ള മാർഗ്ഗമാണോ എന്ന് അവൾക്കു തന്നെ നിശ്ചയമുണ്ടാകാൻ മാർഗ്ഗമില്ല.

ജീവശാസ്ത്രപരമായ ഒരു നിയമത്തെ ലംഘിച്ചു മാനസികമായും ശാരീരികമായും അധഃപതിക്കുന്ന ഒരു രീതിയിൽ ജീവിക്കുന്നത് ഈശ്വരാരാധനയാണെന്നു പറഞ്ഞുപോലും നീതീകരിക്കാൻ കഴിയാത്ത ഒരു പാതകമാണ്. സൃഷ്ടികർത്താവെന്നു സകല മതങ്ങളും ഉദ്ഘോഷിക്കുന്ന ഈശ്വരന്റെ മഹത്വത്തിനു സൃഷ്ടിയുടെ സ്വാഭാവികഗതിയെ തടഞ്ഞുനിർത്തി പാവപ്പെട്ട സ്ത്രീകളെ വീർപ്പുമുട്ടിക്കുന്നതും ആവശ്യമായിരിക്കാനിടയില്ലല്ലോ.

ദുഷിച്ച ഈ സമ്പ്രദായത്തിന്റെ മാനസിക—സാന്മാർഗികവശങ്ങൾ മാത്രമല്ല തകഴിയെ ആകർഷിക്കുന്നതു്. അതിന്റെ സാമ്പത്തിക പ്രത്യാഘാതങ്ങളും അദ്ദേഹം ചിത്രീകരിക്കുന്നുണ്ട്. 'അവന്റെ മുതൽ മുഴുവനും നമുക്കല്ലേ' എന്ന ഒരു ചോദ്യം തകഴി കൊണ്ടുവരുന്നു. സഹോദരന്മാരെയും സഹോദരികളെയും പുരോഹിതന്മാരും കന്യാസ്ത്രീകളുമാക്കി വിട്ടിട്ട് അവരുടെ നശ്വരമായ ഇഹലോകസമ്പത്തു കൈവശപ്പെടുത്തുന്ന ജനം തകഴിയോടു പിണങ്ങിയേക്കും. പലപ്പോഴും സ്ത്രീധനം കൊടുത്തു വിവാഹംചെയ്യാൻ നിവൃത്തിയില്ലാത്ത യുവതികളെയാണ് ഇങ്ങനെ കുരുതികഴിക്കേണ്ടിവരുന്നതു്. സ്ത്രീധനത്തിനു വേണ്ട തുകയിൽനിന്നു വളരെ കൂടുതലായ ഒരുസംഖ്യ പല തവണകളായി മഠാധിപതികൾ ഈടാക്കിക്കൊള്ളുമെന്നതു് സാധുവായ പിതാവു ശങ്കിച്ചിരിക്കാത്ത കാര്യമാണ്.

'തെണ്ടിച്ചെറുക്കൻ' എന്ന കഥയിൽ വളരെ കുഴഞ്ഞ ഒരു പ്രശ്നത്തിന്റെ ഉത്തരം പറയാനാണ് തകഴി ശ്രമിക്കുന്നതു്; അതു് ഒട്ടൊക്കെ സാധിക്കുന്നുണ്ടുതാനും. ലോകത്തിലെ അവശരെ കാണുകയും അത്തരം കൃമികളെ സൃഷ്ടിക്കുന്ന സമുദായവ്യവസ്ഥിതിയെ അപലപിക്കുകയും ചെയ്യുന്ന സഹൃദയാലുക്കളുടെ മുമ്പിലേക്ക് അന്ധരായ ചിലർ വലിച്ചിഴച്ചുകൊണ്ടു ചെല്ലുന്ന ചോദ്യചിഹ്നമാണ് തെണ്ടി. അവൻ ജോലിചെയ്യാൻ ഇഷ്ടപ്പെടുന്നില്ല. അവൻ തരംകിട്ടിയാൽ മോഷ്ടിക്കും; ചുരുക്കത്തിൽ തെറ്റെന്നു വിളിക്കാവുന്നവയെല്ലാം അവൻ ചെയ്യും. അവനും കള്ളനും ഒരു വർഗ്ഗത്തിന്റെ രണ്ടു വിഭാഗങ്ങൾ മാത്രമാണ്. നമ്മുടെ നാട്ടിലെ ഒരു വിഭാഗക്കാർ സാമ്പത്തികസമത്വവാദികളുടെ മുമ്പിൽചെന്ന് ഈ വർഗ്ഗത്തെ ചൂണ്ടിക്കാണിച്ചുകൊണ്ട് സർവജ്ഞഭാവത്തിൽ ചോദിക്കുകയാണ്, 'ഈ കള്ളന്മാർക്കുവേണ്ടിയാണോ നിങ്ങൾ വാദിക്കുന്നതു്' എന്ന്. ഉത്തരം പറയാൻ പലരും വിഷമിച്ചേക്കും. തകഴി ആ വർഗ്ഗത്തിലൊന്നിനെ എടുത്തു പരിശോധിക്കുന്നു. അവൻ കള്ളനാണ്. തെണ്ടി ജീവിക്കുന്നതാണ്, ജോലിചെയ്യുന്നതിനേക്കാൾ അവനിഷ്ടം. അവൻ പലിശയ്ക്കു കൊടുക്കുന്ന വർഗ്ഗമാണ്. അവൻ വഴക്കാളിയാണ്. കോടതിയിൽ കയറി പണമുണ്ടാക്കുന്നതും അവനു രസമാണ്. ഇക്കാലത്തിനിടയ്ക്ക് അവനിൽ കാര്യമായ വ്യത്യാസങ്ങൾ ഒന്നും വരുന്നില്ല. തെണ്ടലും നേരിട്ടുള്ള മോഷണവും അവൻ നിർത്തി. ഇപ്പോൾ പുതിയ മാർഗ്ഗങ്ങളാണ്. പക്ഷേ, അടിസ്ഥാനപരമായി അവന്റെ ജീവിതതത്ത്വം പഴയതുതന്നെയാണ്—ധനസമ്പാദനം. തകഴിയുടെ ശ്രമം അവന്റെ അച്ഛനാരെന്നു കണ്ടുപിടിക്കാനായിരുന്നു. ഇത്രയുമായപ്പോഴേക്ക് ആ തെണ്ടിച്ചെറുക്കന്റെ തന്ത മുതലാളിത്തമാണെന്നു തെളിഞ്ഞു. തെണ്ടിയേയും കള്ളനേയും മടിയനേയും സൃഷ്ടിക്കുന്നതും അവരുടെ ചിന്താഗതി രൂപീകരിക്കുന്നതും മുതലാളിത്തമാണെന്നു തെളിഞ്ഞു. സമത്വവാദിയുടെ മുമ്പിൽ കൊണ്ടുവരപ്പെട്ടിരിക്കുന്ന ആ ചോദ്യം, കൊണ്ടുവന്ന ആളിന്റെ സന്താനമാണ്. അതുകൊണ്ട് അവനു ധൈര്യമായി പറയാം. 'ഇവനു വേണ്ടിയല്ല ഞാൻ വാദിക്കുന്നതു്. ഇവൻ നിന്റെ സന്താനമാണ്. ഇവനും നീയും ഇല്ലാതാകുവാനാണ്, ഇവനെയും നിന്നെയും പുലർത്തുവാനല്ല ഞാൻ പണിയെടുക്കുന്നതു്!' വളരെ കുഴഞ്ഞ ഒരു പ്രശ്നത്തിന് തകഴി ഉത്തരം നൽകിക്കഴിഞ്ഞു. 'മകളുടെ മകൾ' എന്ന നിർദ്ദോഷമായ പേരിട്ടിരിക്കുന്ന കഥ തകഴിയുടെ ആവനാഴിയിലെ പാശുപതമാണെന്നു തോന്നുന്നു. ഇത്രയും ഹൃദയഭേദിയായ മറ്റൊരു കഥ തകഴി എഴുതിയിട്ടുണ്ടെന്നു തോന്നുന്നില്ല. പല പരിശുദ്ധന്മാരും കലികൊണ്ടു വിറയ്ക്കുന്നുണ്ടായിരിക്കും. പക്ഷേ, ആ കഥയുടെ ഫലമെന്താണെന്ന് ആലോചിച്ചു നോക്കാനുള്ള ബുദ്ധിയും ശാന്തതയുമുള്ളവർക്കു വേറൊരു അഭിപ്രായമാണ് തോന്നാവുന്നതു്. ആ അച്ഛനും മകളും അനുഭവിക്കുന്ന ഹൃദയവ്യഥയുടെ ഭയങ്കരത്വം വായനക്കാരന്റെ ഹൃദയത്തിൽ പതിയുന്നു. അയാളുടെ തെറ്റിന്റെ ഗൗരവം മനസ്സിലാക്കുന്നതിൽ കൂടുതലായി നല്ല ഒരുപദേശം കൊടുക്കാനില്ലല്ലോ. അതിൽ തകഴി പരിപൂർണ്ണമായി വിജയിച്ചിട്ടുണ്ട്. ഈ കഥയിലെ സാങ്കേതികമാർഗ്ഗമാണെന്നു തോന്നുന്ന ആ വിജയത്തിന്റെ മുഖ്യകാരണം.

കണ്ണുള്ള ഒരു വായനക്കാരന് പലവുരു വായിച്ചാലും മതിവരാത്ത ഒമ്പതു കഥകൾ അടങ്ങിയ ഈ സമാഹാരത്തിനു വിജയമാശംസിക്കാനേ കഴിയൂ.

പ്രസന്നകേരളം, 6 സെപ്റ്റംബർ 1946.

സി. ജെ. വിചാരവും വീക്ഷണവും 1985.

□

# സി. ജെ. തോമസ്



മലയാളഭാഷയിലെ ഒരു നാടകകൃത്തും സാഹിത്യ നിരൂപകനുമായിരുന്ന സി. ജെ. തോമസ് (നവംബർ 14, 1918–ജൂലൈ 14, 1960) എന്നറിയപ്പെടുന്ന ചൊള്ളമ്പേൽ യോഹന്നാൻ തോമസ്. മലയാള നാടകസാഹിത്യത്തെ ആധുനിക ഘട്ടത്തിലെത്തിക്കുന്നതിൽ നിർണ്ണായക പങ്ക് വഹിച്ച ഇദ്ദേഹം പത്രപ്രവർത്തകൻ, ചിത്രകാരൻ എന്നീ നിലകളിലും അറിയപ്പെട്ടിരുന്നു.

1918-ൽ കൂത്താട്ടുകുളത്തെ പ്രമുഖ ക്രിസ്തീയ വൈദികന്റെ മകനായി ജനിച്ച സി. ജെ. വൈദിക വിദ്യാർത്ഥിയായിരിക്കുന്ന സമയത്ത് ളോഹ ഉപേക്ഷിച്ച് തിരിച്ചുപോന്ന് വിപ്ലവം സൃഷ്ടിച്ചു. രണ്ട് വർഷക്കാലം വടകര സെന്റ് ജോൺസ് ഹൈസ്കൂളിലും തുടർന്ന് എം. പി. പോൾസ് കോളേജിലും അധ്യാപകനായി ജോലിനോക്കിയിരുന്ന അദ്ദേഹം പിന്നീട് അവസാനം വരെ പത്രപ്രവർത്തനരംഗത്ത് സജീവമായിരുന്നു. സാഹിത്യ പ്രവർത്തക സഹകരണസംഘം, ആകാശവാണി, ദക്ഷിണഭാഷാ ബുക്ക് ട്രസ്റ്റ് എന്നിവയിലും പ്രവർത്തിച്ചു.

സാഹിത്യ പ്രവർത്തക സഹകരണസംഘം വക പുസ്തകങ്ങളുടെ പുറംചട്ടകൾക്ക് അത്യധികം ആകർഷകങ്ങളായ ചിത്രങ്ങൾ വരച്ച് മലയാള പുസ്തകങ്ങളുടെ പുറംചട്ടരൂപകല്പനയുടെ രംഗത്ത് മാറ്റങ്ങളുടെ തുടക്കം കുറിച്ചത് സി. ജെ.-യാണ്.

പ്രസിദ്ധ സാഹിത്യകാരനായിരുന്ന എം. പി. പോളിന്റെ മൂത്ത പുത്രി റോസിയെയാണ് വിവാഹം ചെയ്തത്. റോസി തോമസ് സി. ജെ.-യുടെ മരണശേഷം അറിയപ്പെടുന്ന സാഹിത്യകാരിയായി.

പ്രശസ്ത കവയിത്രി മേരി ജോൺ കൂത്താട്ടുകുളം സി. ജെ. തോമസിന്റെ മൂത്ത സഹോദരിയായിരുന്നു. 1960 ജൂലൈ 14-ന് 42-ാം വയസ്സിൽ സി. ജെ. അന്തരിച്ചു.

RIVER VALLEY
DIGITAL LIBARY
*empowering the author ...*

- “റിവർ വാലി പ്രസ്” എന്ന ലേബലിൽ, സായാഹ്ന ആറു മാസത്തിലൊരിക്കൽ മുൻനിര എഴുത്തുകാരുടെ ഇരുപതു് പുസ്തകങ്ങൾ വീതം ഡിജിറ്റൽ പ്രസാധനം നടത്തുന്നു. ഈ സേവനത്തിന്റെ വാർഷിക വരിസംഖ്യ:

| രാജ്യം | കറൻസി | വരിസംഖ്യ |
|---|---|---|
| ഇന്ത്യ | രൂപ | 238 |
| (119 വീതം ആറു മാസത്തിലൊരിക്കൽ) | | |
| യുഎസ്, കാനഡ | യുഎസ് ഡോളർ | 10 |
| യൂറോപ് | യൂറോ | 10 |
| മറ്റു വികസിത രാഷ്ട്രങ്ങൾ | യുഎസ് ഡോളർ | 10 |
| ഖത്തർ | റിയാൽ | 20 |
| യുഎഇ | ദിർഹം | 20 |
| സൗദി അറേബ്യ | റിയാൽ | 20 |
| കുവൈറ്റ് | ദിനാർ | 2 |
| ഒമാൻ | ദിനാർ | 2 |
| ബഹ്റിൻ | ദിനാർ | 2 |
| മലേഷ്യ | റിങ്ങിറ്റ് | 25 |

- പ്രസാധകരുടെ നിരന്തരചൂഷണത്തിനു വിധേയരായി ക്കൊണ്ടിരിക്കുന്ന എഴുത്തുകാരെ ശക്തിപ്പെടുത്തുക, നല്ല വായനാവിഭവങ്ങൾ ചെറുതുകയ്ക്കു വായനക്കാർക്കു ലഭ്യമാക്കുക, ഇന്റർനെറ്റിനെയും സാങ്കേതിക മുന്നേറ്റത്തെയും സാംസ്കാരികവളർച്ചയ്ക്കു് ഉപയോഗിക്കുക എന്നിവയാണു് പ്രധാനലക്ഷ്യങ്ങൾ.
- എല്ലാതരം സ്മാർട്ട്ഫോണുകളിലും വായിക്കുവാൻ പറ്റിയ തരത്തിലാണു് ഉള്ളടക്കം ലഭ്യമാക്കുക.
- ഈ പദ്ധതിയിൽ താല്പര്യം തോന്നുന്നുവെങ്കിൽ ഇവിടെ രജിസ്റ്റർ ചെയ്യുക. (രജിസ്റ്റർ ചെയ്യുമ്പോൾ പണം/കാർഡ് വിവരങ്ങൾ നല്കേണ്ടതില്ല.)
- കുടുംബാംഗങ്ങൾക്ക്/സുഹൃത്തുക്കൾക്ക് സമ്മാനം രജിസ്റ്റർ ചെയ്യുക.
- കൂടുതൽ വിവരങ്ങൾ അറിയാൻ:
  1. ഡിജിറ്റൽ പ്രസാധനനയം
  2. സായാഹ്നയെക്കുറിച്ചു അറിയുക
  3. Who’s who
  4. സായാഹ്ന ഫോൺ പിഡിഎഫുകൾ
  5. സായാഹ്ന ഗ്രന്ഥശേഖരം
  6. സായാഹ്ന വിക്കി
- പ്രതികരണങ്ങൾ <info@sayahna.org> എന്ന ഇമെയിലിലേയ്ക്കു് അയയ്ക്കുക.

സായാഹ്ന ഫൗണ്ടേഷൻ, ജഗതി, തിരുവനന്തപുരം 695014